# NATURE AND AGRICULTURE CLUB (NAAC)

## SREE NARAYANA POLYTECHNIC COLLEGE, KOTTIYAM

***"Discover Nature in our Campus"***

A well organised Nature and Agriculture club is functioning in our campus. The main aim of this club is to make our campus eco-friendly and a green campus. NAAC has sixty student volunteers and eight staff members. The main objective of this club is to enhance the environmental, economic, and social well-being of our society and there by minimize use of natural resources.

Nature club is the convergence of nature lovers from various departments to promote and monitor various environmental sustainable activities in the college campus. It also aims to facilitate the skill development of students in environmental protection, agricultural farming, vegetable garden, fruit plant garden etc. We also conduct training programs on environmental awareness among all sections of the society.

*The NAAC of our College include the following members during the academic year 2021-22*

| Ser No | Name | Designation | Role |
|---|---|---|---|
| 1 | Aneesh S | Faculty | Convener |
| 2 | Sheeba V R | Faculty | Co – Convener |
| 3 | Roypal S | Faculty | Member |
| 4 | Princy Prasad | Faculty | Member |
| 5 | Shibu S | Faculty | Member |
| 6 | Anand K Preman | Faculty | Member |
| 7 | Binuraj N V | Faculty | Member |
| 8 | ………. | Faculty | Member |
| 9 | Adwaid S Biju | S4 Electrical | Secretary |
| 10 | Lavanya V | S2 Electronics | President |

**Directions to the students and staff for maintaining Green campus**

1. ജൈവ-അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുവാൻ പ്രത്യേക മാലിന്യ സംഭരണികൾ ലഭ്യമാണ്. ഇവ തരംതിരിച്ച് മാത്രം നിക്ഷേപിക്കുക.

2. ഉച്ചഭക്ഷണം കൊണ്ടുവരുന്നതിന് സ്റ്റീൽ പാത്രവും (പൊതിച്ചോറ് ഒഴിവാക്കുക) കുടിവെള്ളം കൊണ്ടുവരുന്നതിന് സ്റ്റീൽ കുപ്പിയും ഉപയോഗിക്കുക.

3. ഉപയോഗശൂന്യമായ പേനകൾ പ്രത്യേകം പെട്ടികളിൽ മാത്രം നിക്ഷേപിക്കുക.

4. ഏറ്റവും കൂടുതൽ പേനകൾ ശേഖരിച്ച് നിക്ഷേപിക്കുന്ന വിദ്യാർത്ഥിക്ക് സമ്മാനം നൽകുന്നതാണ്.

5. ഭക്ഷണ മാലിന്യങ്ങൾ ജൈവ മാലിന്യ സംഭരണികളിൽ മാത്രം നിക്ഷേപിക്കുക.

6. ഡിസ്പോസിബിൾ ഗ്ലാസ്സുകളുടെ ഉപയോഗം കുറയ്ക്കുക, ഉപയോഗിക്കുന്ന ഗ്ലാസ്സുകൾ അതത് സംഭരണികളിൽ നിക്ഷേപിക്കുക.






Environment day Oath with Agricultural Director Sri. Shibukumar Y N (After Seminar)









Welcome speech by Sri Sandeep V Principal



**Inauguration of "Nammude Campus Haritha campus" under the aid of NAVAKERALA MISSION (28/06/2022)**



**Audience**

## ‘നമ്മുടെ ക്യാംപസ്’ ഹരിത ക്യാംപസ് കർമ പരിപാടി തുടങ്ങി

കൊട്ടിയം● എസ്എൻ പോളിടെക്നിക് കോളജിൽ ‘നമ്മുടെ ക്യാംപസ്’ ഹരിത ക്യാംപസ് കർമ പരിപാടി ആരംഭിച്ചു. ചാത്തന്നൂർ അഗ്രികൾച്ചർ ഡയറക്ടർ ഷിബുകുമാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ വി.സന്ദീപ് അധ്യക്ഷത വഹിച്ചു.

നവകേരള മിഷൻ ജില്ലാ കോ-ഓഡിനേറ്റർ ഐസക് പ്രസംഗിച്ചു. കെ.എസ്.കാവ്യ പരിശീലന ക്ലാസ് നയിച്ചു. മാലിന്യ നിർമാർജനം, കൃഷി, ഫലവൃക്ഷത്തോട്ടം, പച്ചത്തുരുത്ത്, പ്ലാസ്റ്റിക് നിർമാർജനം, കിണർ റീചാർജിങ് തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തും. കോളജിലെ നേച്ചർ ആൻഡ് അഗ്രികൾച്ചറൽ ക്ലബ്, എൻസിസി,എൻഎസ്എസ്, സ്റ്റാഫ് ക്ലബ്, ജീവനക്കാരുടെ വിവിധ സംഘടനകൾ, പൂർവ വിദ്യാർഥികൾ, പൂർവ അധ്യാപകർ-അനധ്യാപകർ എന്നിവരുടെ സഹകരണത്തോടെയാണു പദ്ധതി നടപ്പിലാക്കുന്നത്.

Malayala Manorama

## നമ്മുടെ ക്യാമ്പസ് ഹരിത ക്യാമ്പസ് പദ്ധതി

**കൊട്ടിയം**

കൊട്ടിയം ശ്രീ നാരായണ പോളിടെക്നിക് കോളേജിൽ നമ്മുടെ ക്യാമ്പസ് ഹരിത ക്യാമ്പസ് പദ്ധതി നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായുള്ള ഫലവൃക്ഷത്തോട്ടം നിർമാണോദ്ഘാടനം ശ്രീനാരായണ ട്രസ്റ്റ് ട്രഷറർ ജി ജയദേവൻ നിർവഹിച്ചു. ഡോ. ആർ രവീന്ദ്രൻ, ആദിച്ചനല്ലൂർ കൃഷി ഓഫീസർ ഷംന, പ്രിൻസിപ്പൽ വി സന്ദീപ്, കോ – ഓർഡിനേറ്റർ അനീഷ്, സ്റ്റുഡന്റ് കൺവീനർ ലാവണ്യ, സീമ, വിനോദ്, രാഹുൽ, രക്ഷ്സ് ശങ്കർ, ഷൈനി തുടങ്ങിയവർ സംസാരിച്ചു.റമ്പുട്ടാൻ, മാങ്കോസ്റ്റിൻ, പുലാസൻ, അബിയു, സാന്തോൾ തുടങ്ങി ഒരു ലക്ഷത്തോളം രൂപ വില വരുന്ന ഫലവൃക്ഷങ്ങളുടെ അഞ്ചടി ഉയരമുള്ള തൈകളാണ് കോളേജ് അങ്കണത്തിൽ നട്ടത്. ഓരോ മരവും കോളേജിലെ ഓരോ ജീവനക്കാരാണ് സ്പോൺസർ ചെയ്യിരിക്കുന്നത്.

Mathrubhumi

## ‘നമ്മുടെ ക്യാമ്പസ്, ഹരിത ക്യാമ്പസ്’ പദ്ധതിക്ക് തുടക്കം



ഹരിത ക്യാമ്പസ് കർമപരിപാടി ചാത്തന്നൂർ അഗ്രികൾച്ചറൽ ഡയറക്ടർ ഷിബുകുമാർ ഉദ്ഘാടനംചെയ്യുന്നു

**കൊട്ടിയം**

ശ്രീനാരായണ പോളിടെക്നിക് കോളേജിൽ ‘നമ്മുടെ ക്യാമ്പസ്, ഹരിത ക്യാമ്പസ്’ കർമപരിപാടി ആരംഭിച്ചു. ചാത്തന്നൂർ അഗ്രികൾച്ചറൽ ഡയറക്ടർ ഷിബുകുമാർ ഉദ്ഘാടനംചെയ്തു. പ്രിൻസിപ്പൽ വി സന്ദീപ് അധ്യക്ഷനായി. നവകേരള മിഷൻ ജില്ലാ കോ –ഓർഡിനേറ്റർ ഐസക് മുഖ്യപ്രഭാഷണവും കെ എസ് കാവ്യ വിദ്യാർഥികൾക്ക് പരിശീലന ക്ലാസ് നയിച്ചു.

ശ്രീനാരായണ പോളിടെക്നിക് കോളേജിനെ ഹരിത ക്യാമ്പസാക്കി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.






Students & staff in prayer






**About the project by Sri. Shibukumar Y N (Director of Agriculture)**







Sri G S Jayalal MLA , Students and staff taking Oath of "Njangalum Krishiyilek"



**Students planting vegetable stapling's**






Smt. Sheeba R Co convener Receiving Sponsorship Fee Rs 2000/- from Principal





**Welcome speech by Sri Sandeep V Principal**



**SN Trust treasurer Dr G. Jayadevan planting first exotic fruit plant**

Mathrubhumi
മാതൃഭൂമി

# നമ്മുടെ കാമ്പസ് ഹരിത കാമ്പസ്



കൊട്ടിയം ശ്രീനാരായണ പോളിടെക്നിക്കിലെ നേച്ചർ ആൻഡ് അഗ്രികൾച്ചർ ക്ലബ്ബിന്റെ നമ്മുടെ കാമ്പസ് ഹരിത കാമ്പസ് പദ്ധതി ഡോ. ജി.ജയദേവൻ ഉദ്ഘാടനം ചെയ്യുന്നു

കൊല്ലം ▸ കൊട്ടിയം ശ്രീനാരായണ പോളിടെക്നിക് കോളേജിലെ നേച്ചർ ആൻഡ് അഗ്രികൾച്ചർ ക്ലബ്ബ്, എൻ.എസ്.എസ്., എൻ.സി.സി. എന്നിവയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന നമ്മുടെ കാമ്പസ് ഹരിത കാമ്പസ് പദ്ധതിയുടെ ഭാഗമായുള്ള ഫലവൃക്ഷത്തോട്ട നിർമാണോദ്ഘാടനം ശ്രീനാരായണ ട്രസ്റ്റ് ട്രഷറർ ഡോ. ജി.ജയദേവൻ നിർവഹിച്ചു. റമ്പൂട്ടാൻ, മാങ്കോസ്റ്റീൻ, പുലാസൻ, അബിയു, സാന്തോൾ തുടങ്ങിയ ഫലവൃക്ഷങ്ങളുടെ അഞ്ഞൂറോളം ഉയരമുള്ള തൈകളാണ് കോളേജ് അങ്കണത്തിൽ നട്ടത്.

ഡോ. ആർ.രവീന്ദ്രൻ, ആദിച്ചനല്ലൂർ കൃഷി ഓഫീസർ ഷംന, പ്രിൻസിപ്പൽ വി.സന്ദീപ്, കോ-ഓർഡിനേറ്റർ അനീഷ്, സ്റ്റുഡന്റ് കൺവീനർ ലാവണ്യ, വിവിധ വകുപ്പ് മേധാവികളായ സീമ, വിനോദ്, രാഹുൽ, രക്നസ് ശങ്കർ, ഷൈനി തുടങ്ങിയവർ പങ്കെടുത്തു.

കേരള കൗമുദി

Kollam 17 Jul 2022

# കൊട്ടിയം എസ്.എൻ പോളി ഇനി ഹരിതകാമ്പസ്

കൊല്ലം: കൊട്ടിയം ശ്രീനാരായണ പോളിടെക്നിക് കോളേജ് ഹരിത കാമ്പസ് ആക്കുന്നതിന്റെ ഭാഗമായി കോളേജിലെ നേച്ചർ ആൻഡ് അഗ്രികൾച്ചർ ക്ലബ്ബ്, എൻ.എസ്.എസ്, എൻ.സി.സി സംഘടനകൾ സംയുക്തമായി ഫലവൃക്ഷത്തൈകൾ നട്ടു. ഫലവൃക്ഷ തോട്ടത്തിന്റെ നിർമ്മാണോദ്ഘാടനം എസ്.എൻ ട്രസ്റ്റ് ട്രഷറർ ഡോ. ജി. ജയദേവൻ നിർവഹിച്ചു. ഡോ. ആർ. രവീന്ദ്രൻ, ആദിച്ചനല്ലൂർ കൃഷി ഓഫീസർ ഷംന, കോളേജ് പ്രിൻസിപ്പൽ വി. സന്ദീപ്, കോ-ഓർഡിനേറ്റർ അനീഷ്, സ്റ്റുഡന്റ് കൺവീനർ ലാവണ്യ, സീമ, വിനോദ്, രാഹുൽ, രക്നസ് ശങ്കർ എന്നിവർ സംസാരിച്ചു. മാങ്കോസ്റ്റിൻ, റംബൂട്ടാൻ, പുലാസൻ, അബിയു, സാന്തോൾ തുടങ്ങി സ്വദേശിയും വിദേശിയുമായ തൈകളാണ് നട്ടത്. ഒരു ലക്ഷത്തിലധികം രൂപയുടെ തൈകൾ കോളേജിലെ ജീവനക്കാരാണ് സ്പോൺസർ ചെയ്തത്. മരങ്ങളുടെ പരിചരണവും അവർ നടത്തും. സംസ്ഥാന സർക്കാരിന്റെ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയിൽ ആകൃഷ്ടരായാണ് കാമ്പസിൽ കൃഷി തുടങ്ങിയതെന്ന് പ്രിൻസിപ്പൽ വി. സന്ദീപ് അറിയിച്ചു.



കൊട്ടിയം ശ്രീനാരായണ പോളി ടെക്നിക് കോളേജിലെ നേച്ചർ ആൻഡ് അഗ്രികൾച്ചർ ക്ലബ്ബിന്റെ 'നമ്മുടെ കാമ്പസ്, ഹരിത കാമ്പസ്' പദ്ധതി ഫലവൃക്ഷത്തൈ നട്ട് എസ്.എൻ ട്രസ്റ്റ് ട്രഷറർ ഡോ. ജി. ജയദേവൻ ഉദ്ഘാടനം ചെയ്യുന്നു

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Kollam

“Karshakadinakhoshangal” 17/08/2022










**Inaugural talk by Smt. Seema S S, HOD Electrical**



**Appreciating Sri. Praveen K Rajan (Mechanical Department)**



**Sri Vinodkumar V M (HOD Mech) Appreciating Sri Krishnadas**

**(S2 Mechanical Student)**




**Vote of thanksn Smt Sheeba V R ( Co convener )**





**Group photo of Chingam 1**

**First harvesting of vegetables**








**First sale 17/08/22**



Sri Sanilkumar S,( NCC Officer)



Sri Prahladan Achari A (Workshop)



**Sri Ratheesh P R Adichanallor Krishi Officer Visited our Vegetable farm (23/08/2022)**

**Various Club Activities**










llam, Kerala | 2022.06.21 15:42




KL34
C8123





കേരള കൗമുദി
Kollam 07 May 2023

# കൃഷിയിൽ പൊന്നുവിളയിച്ച് കൊട്ടിയം ശ്രീനാരായണ പോളി

കൊട്ടിയം: ശ്രീനാരായണ പോളിടെക്നിക് കോളേജിലെ നേച്ചർ ആൻഡ് അഗ്രിക്കൾച്ചർ ക്ലബിന്റെ പച്ചക്കറി കൃഷിയിൽ നൂറുമേനി വിളവ്. കൃഷി വകുപ്പിന്റെ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായിട്ടാണ് കാമ്പസിൽ കൃഷി തുടങ്ങിയത്.



കൊട്ടിയം ശ്രീനാരായണ പോളിയിലെ നേച്ചർ ക്ലബ്ബ് അംഗങ്ങൾ കൃഷിത്തോട്ടത്തിൽ

ഓപ്പൺ പ്രിസിഷൻ ഫാമിംഗ് സംവിധാനത്തിലായിരുന്നു കൃഷി. വളവും വെള്ളവും കൃത്യ അളവിൽ ചെടികളുടെ മൂട്ടിൽ എത്തുന്നു എന്നതാണ് ഓപ്പൺ പ്രിസിഷൻ ഫാമിംഗിന്റെ മെച്ചം. 80 സെന്റീമീറ്റർ വീതിയും 30 മുതൽ 40 മീറ്റർ നീളവും വരുന്ന 20 പണകളിലായാണ് കൃഷി ചെയ്യുന്നത്. തൈകൾ നനയ്ക്കാനും വളം നൽകാനും പണകൾക്ക് മീതേ ഡ്രിപ് ഇറിഗേഷൻ പൈപ്പ് ലൈൻ സ്ഥാപിച്ച് അതിനു മുകളിലൂടെ മൾച്ചിംഗ് ഷീറ്റ് വിരിച്ച നിശ്ചിത അകലത്തിലാണ് തൈകൾ നട്ടത്.

പരീക്ഷണ അടിസ്ഥാനത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഹോർട്ടി കൾച്ചർ റിസർച്ചിന്റെ ആർക്കവെർട്ടിക്കൽ കൃഷിരീതിയിയും 300 സിമന്റ് ചട്ടികളിലായി വിവിധ തരത്തിലുള്ള പച്ചക്കറി കൃഷിയും ചെടികളും സജ്ജമാക്കിയിട്ടുണ്ട്. കാമ്പസിന്റെ വിവിധഭാഗങ്ങളിലായി 100ൽ പരം റമ്പൂട്ടാൻ, മാങ്കോസ്റ്റിൻ, ഫുലാസൻ, അവക്കാഡോ, സാന്തോൽ എന്നിവയുടെ രണ്ടുവർഷംപ്രായമായ ബഡ് തൈകളും നട്ടുവളർത്തുന്നുണ്ട്. കോളേജിലെ ജീവനക്കാരാണ് തൈകൾ സ്പോൺസർ ചെയ്തു പരിപാലിക്കുന്നത്. ഉറവിട മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് നിരോധനം, പൊതിച്ചോറ് ഒഴിവാക്കൽ തുടങ്ങി പ്രകൃതി സൗഹൃദമായ നിരവധി പ്രവർത്തനങ്ങളും കോളേജിൽ നടക്കുന്നുണ്ട്. എൻ.എസ്.എസ്, എൻ.സി.സി കേഡറ്റുകളുടെ പൂർണ പിന്തുണയോടെയാണ് പച്ചക്കറി കൃഷി. ഒന്നാംഘട്ടത്തിൽ ഒരേക്കറിലായിരുന്നു കൃഷി. പ്രിൻസിപ്പൽ വി. സന്ദീപ്, കൺവീനർ അനീഷ്, സനൽ കുമാ, ഷീബ എസ് റോയിപാൽ, പ്രിൻസി പ്രസാദ്, ഷിബു, ബിനുരാജ്, ആനന്ദ്.രേമൻ, സ്റ്റുഡന്റ് കൺവീനർമാരായ ആരിഷ്, അജിത് എന്നിവരാണ് നേതൃത്വം നൽകുന്നത്.

മാധ്യമം



കൊട്ടിയം ശ്രീനാരായണ പോളിടെക്നിക് കോളജിലെ വിദ്യാർഥികൾ കൃഷിത്തോട്ടത്തിൽ

# പച്ചക്കറി കൃഷിക്ക് നൂറുമേനി വിളവ്

**കൊട്ടിയം:** ശ്രീനാരായണ പോളിടെക്നിക് കോളജിലെ നേച്ചർ ആൻഡ് അഗ്രികൾചർ ക്ലബിന്റെ പച്ചക്കറി കൃഷിക്ക് നൂറുമേനി വിളവ്. കൃഷി വകുപ്പിന്റെ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയിലാണ് ഇവിടെ കൃഷി തുടങ്ങിയത്. ആധുനികമായ ഓപൺ പ്രിസിഷൻ ഫാമിങ് സംവിധാനം ഇവിടെ ഒരുക്കിയിട്ടുണ്ട്. ആവശ്യമായ എല്ലാ പ്രവൃത്തികളും കോളജിലെ വിദ്യാർഥികളും ജീവനക്കാരും കൂട്ടായാണ് ചെയ്യുന്നത്. സംസ്ഥാന ഹോർട്ടികൾചർ മിഷന്റെ സഹായത്തോടെയായിരുന്നു പരിപാടി.

കഴിഞ്ഞ ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തിൽ തുടക്കം കുറിച്ച 'നമ്മുടെ കാമ്പസ് ഹരിത കാമ്പസ്' എന്ന പദ്ധതിയുടെ ഭാഗമായാണ് ഈ പ്രവർത്തനങ്ങൾ. കോളജിനെ ഹരിത കാമ്പസാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന നവകേരള മിഷന്റെ സഹകരണത്തോടെ തുമ്പൂർമൂഴി ഏറോബിക് കമ്പോസ്റ്റ് യൂനിറ്റിന്റെ നിർമാണവും കാമ്പസിൽ ആരംഭിച്ചിട്ടുണ്ട്. എൻ.എസ്.എസ്, എൻ.സി.സി എന്നിവയുടെ പൂർണ പിന്തുണയോടെയാണ് പച്ചക്കറി കൃഷി പുരോഗമിക്കുന്നത്. പാവൽ, പടവലം, മത്തൻ, വെള്ളരി, വെണ്ട, പയർ, പച്ചമുളക്, വഴുതന എന്നിവയാണ് ഇത്തവണ കൃഷിചെയ്ത് വിളവെടുപ്പിന് ഒരുക്കിയിരിക്കുന്നത്.

പ്രിൻസിപ്പൽ വി. സന്ദീപ്, കൺവീനർ അനീഷ്, എസ്. സനൽകുമാർ, എസ്. ഷീബ, റോയിപാൽ, പ്രിൻസി പ്രസാദ്, ഷിബു, ബിനുരാജ്, ആനന്ദ് കെ. പ്രേമൻ, സ്റ്റുഡന്റ് കൺവീനർമാരായ ആരിഷ്, അജിത് എന്നിവരാണ് നേതൃത്വം നൽകുന്നത്.